**GHSSKAKKAT**

# അക്കാദമിക് മാസ്റ്റർപ്ലാൻ

**2025 - 26**





# ആമുഖം

കുട്ടികളുടെ സാമൂഹികവും വൈകാരികവും വിദ്യഭ്യാസപരവുമായ വികസനം മുൻനിർത്തിയുള്ള അക്കാദമിക പ്രവർത്തനങ്ങളുമായി കാസർ ഗോഡ് ജില്ലയുടെ തന്നെ വിദ്യാഭ്യാസ ഭുപടത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന പൊതു വിദ്യാലയമാണ് കക്കാട്ട് ഗവ. ഹയർ സെക്കന്ററി സ്കൂൾ. കഴിഞ്ഞ ഇരുപത്തി രണ്ട് വർഷമായി തുടർച്ചയായ് എസ് എസ് എൽ സി പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.എസ് , യു..എസ്. എസ്. എൻ.എം.എം.എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിലും സ്കൂളിന് ജില്ലയിൽ തന്നെ മികച്ച നിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺ മെന്റിന്റെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർ ത്തുന്ന പദ്ധതിയിൽ ഉൾപെടുത്തി കാഞ്ഞങ്ങാട് നിയമസഭാമണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപെട്ട വിദ്യാലയമാണ് കക്കാട്ട് ഗവ. ഹയർ സെക്കന്ററി സ്കൂൾ.

സാങ്കേതികമായ ചില മുന്നേറ്റങ്ങളും വിജ്ഞാന വിസ്ഫോടനവും സംഭവിച്ച ജനകീയതയുടെ ഒരു കാലഘട്ടത്തിലാണ് നാം ഉള്ളത്. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഇത്തരം ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിരിക്കുന്നത് വിദ്യാലയത്തെ സമൂഹത്തിന്റെയും കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശത്തോടെയാണ്. പ്രതീക്ഷ ഉണർത്തുന്നതും പ്രചോദനാത്മകവുമായ ദീർഘ-ഹ്രസ്വകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ ഇങ്ങനെ തയ്യാറാക്കപ്പെട്ടിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മകൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിലെ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത് 2025-26 അധ്യായന വർഷത്തിൽ മുഴുവൻ

കുട്ടികളെയും ഉൾക്കൊള്ളുന്ന പഠന പ്രവർത്തനങ്ങൾക്ക് പരിഗണന നൽകിയിരിക്കുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# സ്കൂൾ ചരിത്രം

മടിക്കൈ ഗ്രാമപഞ്ചായത്തിലെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവ; ഹയർ സെക്കണ്ടറി സ്കൂൾ കക്കാട്ട്.. ബാസൽ മിഷൻ എന്ന ജർമൻ മിഷണറി സംഘം 1954-ൽ സ്ഥാപിച്ച ഈ വിദ്യാലയം കാസർഗോട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. 1954 മെയിൽ ഒരു എകാധ്യപിക ലോവർ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ആദ്യ പ്രധാന അദ്ധ്യാപിക ശ്രീമതി. ദേവകി . 1981-ൽ ഇതൊരു യു പി സ്കൂളായി. 1990-ൽ ഹൈസ്കൂളായും 1998-ൽ ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു. ഹൈസ്കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകനായ ശ്രീ പി വിജയന്റെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2020 ൽ സംസ്ഥാന ഗവൺ മെന്റിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അഞ്ച് കോടി രൂപ അനുവദിക്കുകയും അതിന് പതിനാറ് ക്ലാസ്സ് മുറികളും ആധുനിക രീതിയിൽ സജ്ജീകരിച്ച അടുക്കളയും വിശാലമായ ഡൈനിങ്ങ് ഹാളും നിർമ്മിച്ചു. ആധുനിക രീതിയിലുള്ള പുതിയ ഒരു കെട്ടിടം ഈ വർ ഷത്തിൽ വീണ്ടും പണി പൂർത്തിയായിട്ടുണ്ട്.

നന്മയിലേക്ക് കരുത്തോടെ......സ്നേഹത്തോടെ..........
നമുക്ക് ഒരുമിച്ച് മുന്നേറാം .

## പ്രശ്നങ്ങൾ പരിമിതികൾ

### ഭൗതികം

* എൽ.പി ,യു.പി ക്ലാസ്സ്മുറികൾ ഹൈടെക് ക്ലാസ്സ് മുറികൾ അല്ലാത്തത് .
* ഹൈടെക് ക്ലാസ്സ് മുറികളിലെ ഉപകരണങ്ങളുടെ മെയിന്റനൻസിന് എടുക്കുന്ന കാലതാമസം.
* സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി അസംബ്ലി കൂടാൻ കഴിയാത്ത സാഹചര്യം .
* കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ശുചിമുറികളുടെ അഭാവം.
* ഭാഷാ ലാബുകൾ ഇല്ലാത്ത അവസ്ഥ.

### അക്കാദമികം

* മുഴുവൻ കുട്ടികളെയും ആർജിക്കേണ്ട ശേഷിയിലേക്ക് എത്തിക്കാൻ കഴിയാത്തത് .
* കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾക്ക് വേണ്ട രീതിയിൽ ഇടപെടാൻ കഴിയാത്തത്.

### സാമൂഹികം

* സാമൂഹിക ഇടപെടൽ ഉണ്ടെങ്കിലും രക്ഷിതാക്കൾക്ക് സ്വന്തം കുട്ടികളുടെ കാര്യത്തിൽ ഇടപെടാൻ കഴിയാത്ത സാഹചര്യം .

## ലക്ഷ്യങ്ങൾ

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിഭവ പഠനതന്ത്രങ്ങൾ ഒരുക്കുക.
2. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചുള്ളതുമായ രീതിയിൽ പഠനപ്രവർത്തനം ഒരുക്കുക.
3. ദിനാചരണങ്ങൾ നടത്തുക.
4 മികവുത്സവങ്ങൾ നടത്തുക.
5. എൽ.എസ്. എസ് , യു എസ് എസ് , എൻ.എം.എം. എസ് എസ്.എസ്.എൽ. സി ഫുൾ എ പ്ലസ് എന്നിവ ലഭിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ആസൂത്രണം നടത്തുക.
6. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ നൂതന ആശയങ്ങളും ഐസിടി സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക.
7. കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുക.
8. പഠന പിന്തുണ ക്ലാസുകൾ സംഘടിപ്പിക്കുക.
9. പഠനം സ്വായത്ത മാക്കാൻ കഴിയുന്ന രീതിയിൽ ജനകീയവൽക്കരിക്കുക.
10. പുതിയ പഠനോപകരണങ്ങൾ നിർമ്മിച്ച് പഠനപ്രക്രിയ എളുപ്പമാക്കുക.
11. മേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക
12. കുട്ടികളുടെ സർവ്വതോൽമുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.

കാലയളവ് :

2025 ജൂൺ മുതൽ 2026 മാർച്ച് വരെ.

വിലയിരുത്തൽ :

അക്കാദമിക മാസ്റ്റർ പ്ലാൻ മുഖ്യ അജണ്ടയായി ഓരോ മാസവും സബ്ജക്ട് കൗൺസിൽ ചേർന്ന് ആ മാസം നടന്ന പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങളും വിലയിരുത്തുന്നു. പോരായ്മകൾ ചർച്ച ചെയ്യുന്നു. മികവുകൾ കണ്ടെത്തുന്നു.

# മലയാളം

| ക്രമ നം | പ്രവർത്തനം | പ്രവർത്തന രീതി | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | മലയാളം എന്റെ മാതൃഭാഷ. (കുട്ടികളുടെ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരക്കൽ) | 1.ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>2.അക്ഷരം ഉറപ്പിക്കൽ<br>3.ചിഹ്നം ഉറപ്പിക്കൽ<br>4.പദ നിർമ്മാണം<br>5.വാക്യനിർമ്മാണം<br>6.ചിത്രം - കഥ പറയൽ<br>7.ചിത്രം - കഥയെഴുതൽ<br>8.കഥ - പൂരിപ്പിക്കൽ<br>9.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ജൂൺ -ജൂലൈ | പുസ്തകങ്ങൾ<br>ഐ.സി.ടി.<br>ചിത്രങ്ങൾ | പി.ടി.എ<br>SRG<br>BRC<br>ലൈബ്രറി |
| 2 | വായനയുടെ ലോകത്തിലേക്ക് എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരനാക്കുക | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3.പുതു വർഷം പുസ്തക വർഷം<br>4.പത്രവായന -5.പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>6.മാധ്യമ ക്വിസ്.സമീപ ഗ്രന്ഥശാല അംഗത്വം.<br>7.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>8.അമ്മ വായന<br>9.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>10.വായനാക്കുറിപ്പ് പതിപ്പ്<br>11.ജന്മദിന പുസ്തകം.<br>12.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>13.ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>14.ഇ-വായന<br>15.വായനക്കൂട്ടം - മോണിറ്ററിംഗ്. | ജൂൺ -മാർച്ച് | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രം<br>ആനുകാലികങ്ങൾ<br>വായനാമുറി<br>ഇൻറർ നെറ്റ്<br>ഐ സി ടി | പി.ടി.എ<br>SRG<br>BRC<br>ലൈബ്രറി |

| | | | | | |
|---|---|---|---|---|---|
| 3 | എഴുത്തിലൂടെ തെളിയുക.<br><br>സർഗാത്മക രചനയിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുക | 1.ക്ലാസ് ലൈബ്രറി<br>2.പുസ്തക ചർച്ച<br>3.വായനാപുരസ്കാരം (വിദ്യാരംഗം<br><br>കലാ സാഹിത്യ വേദി തനത് പ്രവർത്തനം)<br>4.വായനാക്കുറിപ്പ് പതിപ്പ്<br>5.വ്യക്തിഗത രചന<br>6.സംഘ രചന<br>7.സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>8.രചയിതാക്കളെ പരിചയപ്പെടൽ<br>9.ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ.<br>10.പാഠപുസ്തകവുമായി ബന്ധപ്പെട്ട അന്വേഷണാത്മക പഠനങ്ങൾ നടത്തി റിപ്പോർട്ട്തയ്യാറാക്കൽ.<br>11.ഭിന്നശേഷിക്കാർക്കായി BRC , സ്പെഷൽ ടീച്ചേഴ്സ് എന്നിവരുടെ സഹായത്തോടെയുള്ള പ്രവർത്തനം. | ജൂൺ -മാർച്ച് | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>പത്രം<br><br>ആനുകാലികങ്ങൾ<br><br>വായനാമുറി<br>ഇൻറർ നെറ്റ്<br>ഐ സി ടി | പി.ടി.എ<br><br>SRG<br><br>BRC<br><br>ലൈബ്രറി<br><br>ജനപ്രതിനിധി |
| 4 | മികച്ച രചനകളിലേക്ക് എത്തിച്ചേരുന്നതിനും സർഗ്ഗാത്മകത വളർത്തുന്നതിനും<br>(5, 6 , 7 ക്ലാസ്സിലെ കുട്ടികൾ) | മാസം തോറും സ്വതന്ത്ര രചനകൾ നടത്തി മികച്ചവ നോട്ടീസ് ബോർഡിൽ പ്രദർശനം | എല്ലാ മാസവും | മലയാളം ക്ലബ്ബ്<br>അധ്യാപകർ | |
| 5 | സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തൽ.<br>(5, 6 , 7 ക്ലാസ്സിലെ കുട്ടികൾ) | ബഷീർ കൃതികൾ പരിചയപ്പെടൽ വായന ചർച്ച ആസ്വാദനം, ലൈബ്രറി സന്ദർശനം | ജുലൈ | ഭാഷാധ്യാപകൻ | |
| 6 | പ്രകൃതി സൗഹൃദ മനോഭാവം വളർത്തുന്നതിന്.<br>(7 ക്ലാസ്സിലെ കുട്ടികൾ) | പുഷ്പോത്സവം -<br>സ്കൂളിലെ ശലഭോദ്യാനത്തിലേക്ക് കുട്ടികളുടെ സംഭാവനയായി ചെടികൾ കൊണ്ടുവരുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br>. | സെപ്റ്റംബർ | ഭാഷാധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 7 | ഭിന്നശേഷിയുള്ള, ജീവിത വിജയം കൈവരിച്ച വ്യക്തികളെ പരിചയപ്പെടുന്നതിനം പ്രചോദനം ഉൾക്കൊള്ളുന്നതിനം. (7 ക്ലാസ്സിലെ കുട്ടികൾ) | അതിജീവനം - ജീവിത വിജയം കൈവരിച്ച ഭിന്നശേഷി ക്കാരായ വരുമായുള്ള അഭിമുഖം. | ഒക്ടോബർ | ഭാഷ അധ്യാപകർ | |
| 8 | പഴയ കാല നാടക മേഖലയെക്കുറിച്ച് കൂടുതൽ അറിയുന്നതിന്. (6 ക്ലാസ്സിലെ കുട്ടികൾ) | അനുഭവം പങ്കുവെക്കൽ പഴയ കാല നാടക പ്രവർത്തകരുമായി അഭിമുഖം | ഒക്ടോബർ | ഭാഷാധ്യാപകർ | |

# ദിനാചരണം

| | പ്രവർത്തനം | പ്രവർത്തനരീതി | തീയ്യതി | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | വായനാ ദിനം - | 1.അനുസ്മരണപ്രഭാഷണം<br>2.വായനാമൂല | ജൂൺ 19 | പുസ്തകങ്ങൾ<br>ലൈബ്രറി<br>വായനാമുറി | പി.ടി.എ<br>SRG BRC<br>ലൈബ്രറി<br>ജനപ്രതിനിധി |
| 2 | വായനാ വാരാചരണം | *പുസ്തക പ്രദർശനം<br>*ആനുകാലിക പ്രദർശനം<br>*ലൈബ്രറി അംഗത്വം<br>*അമ്മ വായന<br>*നാടൻ പാട്ട് ശില്പ ശാല<br>*മഴമേളം<br>സ്വാതന്ത്ര സമരവും മലയാള സാഹിത്യവും.<br>സാഹിത്യരചനകളുടെ പരിചയം | ജൂൺ<br>മാർച്ച് | പുസ്തകങ്ങൾ<br>ലൈബ്രറി<br>കലാകാരൻമാർ<br>വായനാമുറി | പി.ടി.എ<br>SRG<br>ലൈബ്രറി<br>പി.ടി.എ<br>SRG<br>BRC |

| | | | | | |
|---|---|---|---|---|---|
| | | ഓണം - ഓർമ്മ - അനുഭവം<br>കലകളുടെ പരിചയം. | | | ലൈബ്രറി<br>പി.ടി.എ<br>SRG |
| 3 | സ്വാതന്ത്ര്യദിനം | | ആഗസ്റ്റ് 15 | | |
| | | മാതൃഭാഷയുടെ പ്രാധാന്യം - പ്രഭാഷണം<br>കേരളത്തിന്റെ സാംസ്കാരിക പൈതൃകം പരിചയപ്പെടുത്തൽ | | പുസ്തകങ്ങൾ<br>ലൈബ്രറി<br>വായനാമുറി | പി.ടി.എ<br>SRG<br>BRC<br>ലൈബ്രറി |
| 4 | ഓണം | | ആഗസ്റ്റ് | | |
| | | | | ഐ സി ടി | ജനപ്രതിനിധി |
| 5 | കേരളപ്പിറവി | | നവമ്പർ1 | | |
| | | | | പുസ്തകങ്ങൾ<br>ലൈബ്രറി<br>വായനാമുറി | |

# അനുസ്മരണം

| എഴുത്തുകാർ | പ്രവർത്തനം | തീയ്യതി |
|---|---|---|
| 1 ചങ്ങമ്പുഴ കൃഷ്ണപ്പിള്ള | അനുസ്മരണം<br>സംഗീതശില്പം - | ജൂൺ 17 |
| 2.. പി.എൻ പണിക്കർ | അനുസ്മരണം. - ജീവിത രേഖ. | ജൂൺ 19 |
| 3.പി.കേശവദേവ് | അനുസ്മരണം. - ജീവിത രേഖ | ജൂലൈ 1 |
| 4 വൈക്കം മുഹമ്മദ് ബഷീർ<br>• | അനുസ്മരണ പ്രഭാഷണം<br>അനശ്വര കഥാപാത്രങ്ങൾ<br>വേദിയിൽ<br>പുസ്തക പ്രദർശനം | ജൂലൈ 5 |
| 5.പി. കുഞ്ഞിരാമൻ നായർ | അനുസ്മരണ പ്രഭാഷണം<br>കാവ്യ സ്മൃതി. | ആഗസ്റ്റ് |
| 6. അക്കിത്തം അച്യുതൻ നമ്പൂതിരി.<br>• | അനുസ്മരണം.<br>കാവ്യാഞ്ജലി. | ഒക്ടോബർ 15 |
| 7.വയലാർ രാമവർമ്മ<br>• | അനുസ്മരണം<br>നാടക, സിനിമാ ഗാന കാവ്യ<br>മാലിക - കുട്ടികളും ,<br>അധ്യാപകരും | ഒക്ടോബർ 17 |
| 8. വൈലോപ്പിള്ളി ശ്രീധരമേനോൻ | മലയാളത്തിന്റെ ശ്രീ - അനുസ്മരണം<br>കാവ്യാർച്ചന | ഡിസംബർ – 22 |
| 9:സുഗതകുമാരി. | അനുസ്മരണം<br>കാവ്യാർച്ചന<br>ഓർമ്മ മരം | ഡിസംബർ-23 |
| 10.ഒ.എൻ.വി. കുറുപ്പ് | അനുസ്മരണം<br>ഗാനമാലിക | ഫെബ്രുവരി 13 |

# ഇംഗ്ലീഷ്

| ക്ര,ന | പ്രവർത്തനം | പ്രവർത്തന രീതി | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. പ്രമുഖ വ്യക്തിത്വങ്ങളുമായി അഭിമുഖം. | Spoken english classes<br>English library renovation<br>english corner<br>Story time<br>English cartoon time<br>English assembly | അവധിക്കാലം, ശനിയാഴ്ചകൾ | പി.ടി.എ. അധ്യാപകർ | പി.ടി. എ |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. പാവ പ്രദർശനം. | Cinema & Documentary ,Profile & script തയ്യാറാക്കുന്നതിനു വേണ്ടി<br>English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role play, English day ആചരണം, Seminar ചർച്ചകൾ പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | Class room activity<br>June – march | Teachers, SRG<br>English Teachers | Subject Teachers,<br>PTA,<br>English club |
| 3 | സ്വതന്ത്ര വായനക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. സാഹിത്യ കൃതികളുടെ സംക്ഷിപ്ത വിവരണം. | School English voice, അക്ഷര കാർഡ്, പദ കാർഡ്, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ.<br>ചിത്ര വായന, ലഘുകഥ നിർമ്മാണം, Public speaking, Simple games, English News Reading, പദ സമ്പാദനം, പത്ര വാർത്തകൾ തയ്യാറാക്കൽ എന്റെ ഡയറി, News reading in assembly, News reading competition | Class room activities<br>Class room activities,School assembly | PTA,SRG, Teachers<br>PTA, Teachers | SRG Subject Teachers |
| 4 | നാടകീകരണം. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക്- പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി മൈം ഷോ. ആവർത്തന പഠനം. | English Assembly, English puppet show, skit, English Lab l books,<br>പാഠങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | Class Activities<br>ശനിയാഴ്ചകൾ , ക്യാമ്പ് | PTA, SRG, Teachers<br>ഇംഗ്ലീഷ് ക്ലബ്ബ് | PTA<br>രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | ചിത്ര വായന, ചിത്രം വര. | | | | |
| 5 | കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. കവിതകൾ വായിക്കുക. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. കൂടുതൽ കവിതകൾ കണ്ടെത്തി വായിക്കൽ. | ഇംഗ്ലീഷ് റേഡിയോ കേൾക്കാനുള്ള അവസരം. കവിതാ രചന ,ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. | ക്ലാസ്സ് പ്രവർത്തനങ്ങൾ | അധ്യാപകർ, പി.ടി.എ, എസ്. ആർ. ജി. | ഇംഗ്ലീഷ് ക്ലബ്ബ് |
| 6 | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു. | പ്രശസ്ത കവികളുമായുള്ള ആശയവിനിമയം, സംവാദ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.<br>Book reviews<br><br>Magazines | വെക്കേഷനകൾ , ശനിയാഴ്ചകൾ (വർ<br><br>ഷത്തിൽ രണ്ട് പ്രാവശ്യം) | | |
| 7 | സംവാദ സദസ്സുകൾ | പ്രശസ്ത എഴുത്തുകാർ, നിരീപരർ , വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>English Fest , English film കാണാനുള്ള അവസരം Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>English poets, English writers, യുമായി വീഡിയോ കോൺഫറൻസ് നടത്തുന്നു. | ക്ലാസ്സ് പ്രവർത്തനങ്ങൾ<br><br>വെക്കേഷനകൾ , ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | അധ്യാപകർ,<br><br>ഇംഗ്ലീഷ് അധ്യാപകര്<br><br>ഇംഗ്ലീഷ് അധ്യാപകര് | പി.ടി.എ, എസ്. ആർ. ജി.<br><br>പി.ടി.എ, എസ്. ആർ. ജി.<br><br>പി.ടി.എ, എസ്. ആർ. ജി. |
| 8 | Learners are able to write in English | My droplets<br>Gives them chances for creative writing and word collection.<br>Compiles those writings and | June | Subject Teachers.<br>English club | |

| | | | | | |
|---|---|---|---|---|---|
| | | prepares class magazine. | | | |
| 9 | To expand the vocabulary and enhance communication skills ( 5,6,7 students) | * Growing dictionary by keeping a vocabulary notebook<br>*Daily news reading and assembly in English | June-February | Subject teachers | |
| 10 | Strengthen the cultural significance and the importance of respect the different community. | Organize and write a country profile using given facts about nationality , culture, language and tradition.<br>Shows videos of different cultures in the world. | June | Subject teachers | |
| 11 | Develop language suitable for appropriate situation. | Prepare a script for the given story and dramatize it . | September | Subject Teachers.<br>English club | |
| 12 | Develop confidence in English . | Give opportunity to deliver speech in English.<br>Conduct English assembly<br>Conduct English camp | October-December & march | Subject Teachers.<br>English club | |
| 13 | Develop interest in English | Film show | February - march | Subject Teachers.<br>English club | |

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വായന എഴുത്ത് സംസാരം | എട്ടു മുതൽ പത്ത് വരെയുള്ള മുഴുവൻ കുട്ടികളേയും ഹിന്ദി എഴുതാനും വായിക്കാനും സംസാരിക്കാനും കഴിവുള്ളവരാക്കുക.<br><br>കുട്ടി അക്ഷരം തിരിച്ചറിഞ്ഞ് വാക്കുകളെഴുതി വാക്യങ്ങളിലൂടെ വായനയിലേക്കെത്തുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ,ഹിന്ദി ക്ലബ്ബ് അംഗങ്ങൾ<br><br>(സ്ലൈഡുകൾ, ചിത്രങ്ങൾ, വീഡിയോകൾ) | ആവശ്യമില്ല |
| 2 | നൈപുണികൾ | എട്ടു മുതൽ പത്ത് വരെയുള്ള മുഴുവൻ കുട്ടികളേയും അവരവർ നേടേണ്ട ശേഷികളിലേക്ക് എത്തിക്കുന്നു.<br><br>പ്രത്യേക സഹായം ആവശ്യമുള്ളവർക്ക് അത് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ<br><br>(സ്ലൈഡുകൾ, ചിത്രങ്ങൾ, വീഡിയോകൾ) | ആവശ്യമില്ല |
| 3 | നാടകാവതരണം | ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി പാഠഭാഗത്തിന്റെ നാടകാവതരണം . | ആഗസ്റ്റ് | ഹിന്ദി അധ്യാപകർ,ഹിന്ദി ക്ലബ്ബ് അംഗങ്ങൾ (സ്ലൈഡുകൾ, ചിത്രങ്ങൾ, വീഡിയോകൾ) | ആവശ്യമില്ല |
| 4 | ഉൾച്ചേർക്കൽ | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അത് ലഭിക്കുന്ന തരത്തിലുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ,ഹിന്ദി ക്ലബ്ബ് | ആവശ്യമില്ല |

| | | | | | |
|---|---|---|---|---|---|
| | | | | അംഗങ്ങൾ<br><br>(സ്ലൈഡുക ൾ, ചിത്രങ്ങൾ, വീഡിയോക ൾ) | |
| 5 | ലൈബ്രറി ശാക്തീകരണം | ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ കുറവായത് കണ്ടെത്തുന്നു. അത് വാങ്ങാൻ ഉള്ള നടപടികൾ സ്വീകരിക്കുന്നു. | ഫണ്ട് അനുവദി ക്കുമ്പോ ൾ | എസ്. എസ്.കെ | 5000 |
| 6 | ദിനാചരണങ്ങൾ | ഹിന്ദിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ഉചിതമായ രീതിയിൽ ആചരിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപക ർ,ഹിന്ദി ക്ലബ്ബ് അംഗങ്ങൾ (സ്ലൈഡുക ൾ, ചിത്രങ്ങൾ, വീഡിയോക ൾ) | 1000 |
| 7 | സാഹിത്യാഭിരുചി വളർ ത്തൽ | കഥ, കവിത, പോസ്റ്റർ, കവിതാലാപനം | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപക ർ,ഹിന്ദി ക്ലബ്ബ് അംഗങ്ങൾ | സാമ്പ ത്തിക സഹായ ം ആവശ്യ മില്ല |
| 8 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സിൽ അക്ഷരമാലാ പ്രദർ ശനം.<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യനിർമ്മാണം | ജൂൺ- ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| 9 | കാണുന്നതും കേൾ ക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പറയുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾ പ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ ത്യ്യാറാക്കുക. ICT സഹായത്തോടെ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ കാണാനും കേൾക്കാനും ഉള്ള അവസരം. | സെപ്റ്റം ബർ- ഒക്ടോബ ർ | ഹിന്ദി അധ്യാപകർ | |
| 10 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>ലൈബ്രറി ഉപയോഗം<br>അധികവായനാ സാമഗ്രികൾ | രണ്ടു മാസത്തി ൽ ഒന്ന് | ഹിന്ദി അധ്യാപകർ കുട്ടികൾ | |

| | | | | | |
|---|---|---|---|---|---|
| | സർഗ്ഗാത്മക രചനകൾ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | | | | |
| 11 | ഹിന്ദി ഭാഷയിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങളുടെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ.<br>ചിത്രം-അടിക്കുറിപ്പ്<br>കഥ -വാക്കി എഴുതൽ<br>നാടകഅഭിനയം<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം<br>പ്രസംഗാവതരണം<br>വാർത്ത വായന<br>മാസിക തയ്യാറാക്കൽ | നാലു മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപകർ കുട്ടികൾ | |

# സാമൂഹ്യ ശാസ്ത്രം

| SL NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രി ടെസ്റ്റ്<br>2. സാമൂഹ്യ ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ<br>3. ചിത്രങ്ങൾ വീഡിയോ ക്ലിപ്പുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ .<br>4. സ്കിറ്റുകൾ ഗാനങ്ങൾ ലഘു വിവരണങ്ങൾ മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം<br>5. വാക്കുകൾ വാചകങ്ങൾ ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ. അവതരിപ്പിക്കൽ .<br>4. സ്കിറ്റുകൾ ഗാനങ്ങൾ ലഘു വിവരണങ്ങൾ മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം<br>5. വാക്കുകൾ വാചകങ്ങൾ ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ. | ഹ്രസ്വകാലം 2 മാസം (June, July ) | സോഷ്യൽ സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് അധ്യാപകർ | |
| 2 | തുടർച്ചയായുള്ള പരിഹാര ബോധനം | ഓരോ പാഠഭാഗങ്ങളേയും അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളിൽ പിനോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക സമയം ഉപയോഗപ്പെടുത്തിയുള്ള പഠനം<br>2 . റി ടെസ്റ്റ് | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് അധ്യാപകർ | |
| 3 | സാമൂഹ്യ ശാസത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക. | സാമൂഹ്യ ശാസ്ത്രലാബുകൾ കൃത്യമായി ഉപയോഗപ്പെടുത്തുക. ആകാശക്കാഴ്ചകൾ, കൗതുകം ഇവ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ്ബ്, | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക., ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. നിശ്ചയിച്ച തീയ്യതികളിൽ. | സോഷ്യൽ സയൻസ് അധ്യാപകർ | |
| 5 | ജനാധിപത്യം ഒരു ജീവിത രീതിയായി വളർത്തി യെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ് , പൗരബോധം , സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം മുഴുവൻ. നിശ്ചയിച്ച തീയ്യതികളിൽ. | സോഷ്യൽ സയൻസ് അധ്യാപകർ | |
| 6 | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി കരിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | സർവ്വേ , പ്രോജക്ട്, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്സുകൾ, അഭിമുഖങ്ങൾ തുടങ്ങിയവ. | അക്കാദമിക വർഷം മുഴുവൻ. | സോഷ്യൽ സയൻസ് അധ്യാപകർ | |
| 7 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | ക്വിസുകൾ, ദിനാചരണങ്ങൾ, സംവാദം എന്നിവയിലൂടെ കൂടുതൽ വ്യക്തമായ ധാരണകൾ നൽകുക. ഡോക്യുമെന്ററി ചരിത്ര സിനിമകളുടെ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ. | സോഷ്യൽ സയൻസ് അധ്യാപകർ | |
| 8 | ഭൂപടവായന കുട്ടികളിൽ വളർത്തുക.. സ്ഥല നിർണ്ണയം നടത്താൻ പഠിക്കുക. എന്ന ലക്ഷ്യം വൈവരിക്കുക. | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. അറ്റ്ലസ് , മാപ്പ് ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | അക്കാദമിക വർഷം മുഴുവൻ. | സോഷ്യൽ സയൻസ് അധ്യാപകർ | |
| 9 | മണ്ണിനങ്ങൾ, ജലാശയങ്ങൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, പരിസ്ഥിതി പശ്നങ്ങൾ/ <br><br> ഇവ മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | കൃഷിഭവൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പരിസ്ഥിതി പ്രവർത്തകർ, ഇവരെ ഉൾപ്പെടുത്തിയുള്ള ക്ലാസ്സുകൾ, ഫീൽഡ് പ്രവർത്തനങ്ങൾ, <br><br> പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ . | അക്കാദമിക വർഷം മുഴുവൻ. | സോഷ്യൽ സയൻസ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 10 | അടുക്കള ത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികാദി രുചി വളർത്തുന്നതിനും പങ്കുവെയ്ക്കലിന്റെ സന്തോഷം അറിയുന്നതിനും | ഭക്ഷ്യമേള കുട്ടികൾ തങ്ങളുടെ പരിസരത്ത് നിന്ന് ലഭിക്കുന്ന കാർഷിക വിഭവങ്ങൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ഭക്ഷ്യ മേള സംഘടിപ്പിക്കുന്നു. | ജൂൺ | സോഷ്യൽ സയൻസ് ക്ലബ്ബ് അധ്യാപകർ | |
| 11 | തിരഞ്ഞെടുപ്പിന്റെ വിവിധ ഘടങ്ങൾ മനസ്സിലാക്കുന്നതിന് . | തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കാൻ സ്കൂൾ തല തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നു. തുടർന്ന് സ്കൂൾതല പാർലമെന്റ് ഉണ്ടാക്കുന്നു | ജുലൈ | അധ്യാപകർ | |
| 12 | കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുക. | കുട്ടികളുടെ അവകാശ സംരക്ഷണം എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1500 |
| 13 | ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് | ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | സോഷ്യൽ സയൻസ് അധ്യാപകൻ | 1500 |
| 14 | സമത്വം സൃഷ്ടിക്കുക. നിയമങ്ങൾ മനസ്സിലാക്കൽ ആരും നിയമത്തിന് അതിതരല്ലെന്ന ബോധം ഉണ്ടാക്കൽ. | നിയമ ബോധവൽക്കരണ ക്ലാസ്സ് - നിയമ വാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1500 |
| 7 | ഭൂമിയുടെ ഉള്ളറയിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് . | ശില്ല ശാല - ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിക്കൽ. | നവംബർ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ. | 3000 |

# ഭൗതിക ശാസ്ത്രം

| ക്ര.ന | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യോക പരിശീലനം | അധ്യാപകൻ - കുട്ടി, കുട്ടി-കുട്ടി (പിയർ ഗ്രൂപ്പ്)എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | സയൻസ് ടീച്ചർ സ്.ആർ.ജി. | |
| 2 | ശാസ്ത്ര മാസിക ,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബംന്ധമായ അറിവുകൾ, ലേഖനങ്ങൾ,കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര മാസിക ,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | ആറ് മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ സ്.ആർ.ജി. | |
| 3 | ചോദ്യപ്പേപ്പർ ശില്പശാല സംഘടിപ്പിക്കൽ സമഗ്രയിൽ ചേർക്കൽ. | തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപ്പേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യ ശേഖരം തയ്യാറാക്കൽ ചോദ്യപ്പേപ്പർ സമഗ്രയിൽ ചേർക്കൽ. | മുന്ന് മാസം. | സയൻസ് ടീച്ചർ എസ്.ആർ.ജി. | 1000/- പി.ടി.എ |
| 4 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ.<br><br>സ്കൂൾതല സയൻസ് എക്സിബിഷൻ.<br><br>ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം, സർവ്വെ, അഭിമുഖം, നിരീക്ഷമം. | വർഷത്തിൽ ഒരു തവണ.<br><br>വർഷത്തിൽ ഒരു തവണ<br><br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | 1000/- പി.ടി.എ |
| 5 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | വർഷത്തിൽ 3 മാസം. | സയൻസ് ക്ലബ്ബ് | പി.ടി.എ |
| 6 | ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | സയപകരണങ്ങളും സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ ഒരു മാസം. | സയൻസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 7 | ശാസ്ത്ര പ്രവർത്തനങ്ങൾ ലാബ് അറ്റ് ഹോം, ശാസ്ത്ര കിറ്റ് എന്നിവ പ്രയോജനപ്പെടുത്തുക (5,6,7 ക്ലാസ്സിലെ കുട്ടികൾക്ക്) | കുട്ടികൾക്കും അധ്യാപകർക്കും ശാസ്ത്ര കിറ്റ്.<br>നിലവിലുള്ള ശാസ്ത്ര കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>സാധനങ്ങൾ ശേഖരിക്കൽ.<br>സാധനങ്ങളുടെ ചിട്ടയായ ക്രമീകരണം.<br>ക്ലാസ്സ് റൂം പ്രവർത്തന ഉൽപ്പന്നങ്ങൾ ഹോം ലാബിലേക്ക്. | ദീർഘ കാല പ്രവർത്തനം | ശാസ്ത്ര അധ്യാപകർ | |
| 8 | പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും(5,6,7 ക്ലാസ്സിലെ കുട്ടികൾക്ക്) | ലോക പരിസ്ഥിതി ദിനം<br>വൃക്ഷത്തൈ നട്ട് സംരക്ഷിക്കൽ<br>പരിസ്ഥിതി ദിന പ്രതിജ്ഞ<br>പരിസ്ഥിതി ദിന ക്വിസ്<br>ശലഭോദ്യാനം - പ്രാരംഭ പ്രവർത്തനം | ദീർഘ കാല പ്രവർത്തനം<br>ജൂൺ 5 | ശാസ്ത്ര അധ്യാപകര ൪ ,പരിസ്ഥിതി ക്ലബ്ബ് | 10000 |
| 9 | ലഹരി ഉപയോഗത്തിന് എതിരായ മനോഭാവം വളർത്തുകയും ലഹരിക്കെതിരായ നിലപാട് കൈക്കൊള്ളാൻ പ്രാപ്തരാക്കുകയും ചെയ്യുക.(5,6,7 ക്ലാസ്സിലെ കുട്ടികൾക്ക്) | ബോധവൽക്കരണ ക്ലാസ്സ്<br>ചിത്രരചന മത്സരം<br>പോസ്റ്റർ കാമ്പയിൻ പ്രചരണം<br>ലഹരി വിരുദ്ധ പ്രതിജ്ഞ<br>ലഹരിക്കെതിരെയുള്ള തുടർ പ്രവർത്തനം | ദീർഘ കാല പ്രവർത്തനം<br>ജൂൺ 26 | ശാസ്ത്രാധ്യാപകർ<br>ലഹരി വിരുദ്ധ ക്ലബ്ബ്<br>സ്കൂൾ ജാഗ്രതാ സമിതി | 1000 |
| 10 | ആസിഡുകളുടേയും ബേസുകളുടേയും ഉപയോഗിക്കുന്നത്. മനസ്സിലാക്കുന്നതിന് (സോപ്പ് നിർമ്മാണം) (7 ക്ലാസ്സിലെ കുട്ടികൾ ) | സോപ്പ് നിർമ്മാണം<br>എല്ലാ കുട്ടികളേയും തിരഞ്ഞെടുത്ത രക്ഷിതാക്കളേയും ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു.<br>പ്രാദേശിക സംരഭകരെ കണ്ടെത്തി വിപണന സാധ്യത ഉറപ്പാക്കുന്നു. | ജൂലൈ ആഗസ്റ്റ്<br><br>തുടർ പ്രവർ ത്തനം | പ്രാദേശിക കൂട്ടായ്മ. CPTA | 3000<br><br>20000 |
| 11 | ശാസ്ത്ര സാങ്കേതിക മേഖലകളിലെ മനുഷ്യ നേട്ടങ്ങൾ മനസ്സിലാക്കാനും പ്രചോദനം ഉൾക്കൊള്ളാനും കഴിയുന്നതിന് (5,6,7<br><br>ക്ലാസ്സിലെ കുട്ടികൾക്ക്) | ചാന്ദ്രദിന ആഘോഷം<br>ശാസ്ത്ര ക്കുറിപ്പുകൾ , ശാസ്ത്ര ലേഖനങ്ങൾ എന്നിവ തയ്യാറാക്കൽ.<br>ശാസ്ത്ര മാഗസിൻ<br><br>തയ്യാറാക്കൽ - പ്രകാശനം | ജുലൈ 21. ഹ്രസ്വ കാല പ്രവർ<br><br>ത്തനം | ശാസ്ത്രക്ലബ്ബ് | 500 |

| | | | | | |
|---|---|---|---|---|---|
| 12 | ശാസ്ത്ര സാങ്കേതിക മേഖലകളിലെ നൂതന പ്രവണതകൾ മനസ്സിലാക്കുന്നതിനും സ്വതന്ത്രമായി നൂതനാശയങ്ങൾ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നതിന് . | വിദ്യാലയത്തെ ഇന്നൊവേറ്റീവ് ഹബ് ആക്കി മാറ്റുക.<br>സ്കൂൾ ഇന്നൊവേറ്റീവ് കോർണർ വികസിപ്പിക്കുക.<br>idea hunt - താത്പര്യമുള്ള മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി നൂതനാശയങ്ങൾ കണ്ടെത്തുന്നു.<br>തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ YIP inspire award എന്നിവയ്ക്കായ തയ്യാറാക്കുന്നു.<br>പരിശീലിപ്പിക്കുന്നു. | ജൂലൈ ആരംഭം | ശാസ്ത്രക്ലബ്ബ് | |
| 13 | പ്രതിഭകളെ തിരിച്ചറിയൽ | എൻ.എം.എം.എസ് പരീക്ഷാ പരിശീലനം | സെക്കന്റ് ടേം | സയൻസ് അധ്യാപക ർ | |
| 14 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ( ഐ. സി. ടി ) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ , വീജിയോകൾ, എന്നിവ ശേഖരിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനും ഉപയോഗിക്ക | എല്ലായ് പ്പോഴും | സയൻസ് അധ്യാപക ർ | |

# ജീവശാസ്ത്രം

| SL NO | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും മുൻ ക്ലാസ്സുകളിൽ കൈവരിക്കേണ്ട ശേഷികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക. | പ്രീ-ടസ്റ്റ്<br>പരിഹാര ബോധനം<br>പഠന ഗ്രൂപ്പിംഗ്, ആസൂത്രണം<br>ആശയ ധാരണകൾ ഉറപ്പിക്കൽ.<br>പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് കൂടുതൽ വിനിമയം | ജൂൺ | സയൻസ് ടീച്ചർ | |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകൾ അപ്ഡേറ്റ് ചെയ്യൽ. കുട്ടികളെ ശാസ്ത്രീയാവബോധമുള്ളവരാക്കൽ | സയൻസ് ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യലും.<br>സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം.<br>ശാസ്ത്ര ക്ലാസ്സുകൾ, സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ. | | സയൻസ് ടീച്ചർ<br>എസ്.ആർ.ജി.<br>സയൻസ് ക്ലബ്ബ് | |
| 3 | അന്യമായിക്കൊണ്ടിരിക്കുന്ന കൃഷി സമ്പ്രദായങ്ങളെ വീണ്ടെടുക്കൽ.<br>പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ. | സ്കൂൾ ക്യാമ്പസിൽ പച്ചക്കറി, ഔഷധത്തോട്ടം ഒരുക്കൽ.<br>ജൈവ വൈവിധ്യ പാർക്ക് വിപുലീകരണം.<br>ശാസ്ത്രീയ നാമം, പ്രാദേശിക നാമം , വർഗ്ഗീകരണം എന്നിവ രേഖപ്പെടുത്തൽ വഴി പ്രകൃതി പഠന വേദി ആയി മാറുന്നു. | ഒരു വർഷം | അധ്യാപകർ | |
| 4 | മാലിന്യ മുക്ത, ആരോഗ്യ ശുചിത്വ വിദ്യാലയവും<br><br>ആരോഗ്യമുള്ള സമൂഹവും. പകർച്ചവ്യാധികളെ കുറിച്ചുള്ള ബോധവൽകരണം, ജീവിതശൈലീ | പരിസര ശുചീകരണം, ശുചിത്വ ബോധവൽകരണം, കുട്ടികൾക്കും<br><br>രക്ഷിതാക്കൾക്കുമുള്ള ആരോഗ്യ ക്ലാസ്സ്.<br>കുട്ടികൾക്കുള്ള വൈദ്യ പരിശോധന, രക്ത പരിശോധന. | സമയ ബന്ധിതമായി. | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | രോഗങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാക്കൽ. | ജീവിത ശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ്. പകർച്ചവ്യാധികളെ കുറിച്ചുള്ള ബോധവൽ കരണം. ആരോഗ്യ സർവ്വേ. | | | |
| 5 | പ്രയാസമുള്ള പാഠഭാഗങ്ങൾ മനസ്സിലാക്കാൻ വർക്ക് ഷീറ്റുകൾ | വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ജൂലൈ | സയൻസ് അധ്യാപകർ | |
| 6 | ശാസ്ത്രപഠനം രസകരമാക്കുൽ, ശാസ്ത്രത്തിൽ പഠന താത്പര്യം വര്ടദ്ധിപ്പിക്കൽ | ശാസ്ത്ര ദിനാചരണങ്ങൾ മുൻ കൂട്ടി ആ,ൂത്രണം ചെയ്യുക. ശാസ്ത്ര പതിപ്പുകൾ, ചാർട്ടുകൾ തയ്യാറാക്കൽ ശാസ്ത്ര പഠന യാത്രകൾ ( കാർഷികസർ വ്വകലാശാല,അക്വേറിയ ം, ബയോജൈവേർ സിറ്റി പാർക്കുകൾ, സി.പി.സി.ആർ ഐ.) | സമയ ബന്ധിതമായി. | സയൻസ് അധ്യാപകർ | |
| 7 | പ്രതിഭകളെ തിരിച്ചറിയൽ | എൻ.എം.എം.എസ് പരീക്ഷാ പരിശീലനം | സെക്കന്റ് ടേം | സയൻസ് അധ്യാപകർ | |
| 8 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ( ഐ. സി. ടി ) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ , വീഡിയോകൾ, എന്നിവ ശേഖരിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനും ഉപയോഗിക്ക | എല്ലായ് പ്പോഴും | സയൻസ് അധ്യാപകർ | |

# ഗണിതം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി പരിഹാര ബോധനം | ജൂൺ ആദ്യവാരം | അധ്യാപകർ, ഗണിത ക്ലബ്ബ് | |
| 2 | ഗണിതത്തെ നിത്യജീവിതവുമായ ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ, പി.ടി.എ. | |
| 3 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പ ശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അതാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിത ക്ലബ്ബ് | |
| 4 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം തുടർപ്രവർത്തനം | | അധ്യാപകർ | |
| 5 | ചെറിയ ക്ലാസുമുതലുള്ള തുടർ പഠനം കാലാനസൃതമായി ചെയ്ത് കുട്ടികളിൽ ഗണിതത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ പ്രവർത്തനം , ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ. | |
| 6 | ഗണിത മത്സര വേദിയിലേക്ക് - മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ . | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ , മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ണിത ക്ലബ്ബ്, ഗണിത അധ്യാപകർ , പി.ടി.എ. | |
| 7 | ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | ഗണിത ലാബിലെ കിറ്റുകൾ ഉപയോഗപ്പെടുത്തി യുക്തിചിന്തയിലൂടെ രൂപങ്ങൾ | നവംബർ | ഗണിത ക്ലബ്ബ് ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ഉണ്ടാക്കൽ | | | |
| 8 | രക്ഷിതാക്കളെ ബോധവത്കരിക്കൽ . | ക്ലാസ്സ് പി.ടി.എ കളിൽ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകുന്നു. | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ | |
| 9 | അടിസ്ഥാന ഗണിത ശേഷി വർദ്ധിപ്പിക്കുക. | പ്രീ ടെസ്റ്റിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സംഖ്യ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ . കുട്ടികൾ മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ | ഗണിതാധ്യാപകർ | |
| 10 | ഭിന്നസംഖ്യാ പഠനം രസകരമാക്കുക. | ശില്പ ശാല expert അധ്യാപകരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളിൽ ഭിന്നസംഖ്യാപഠനം എളുപ്പമാക്കുന്നതിനായി ഏകദിന ശില്പശാല സംഘടിപ്പിരുന്നു | ജൂൺ | ഗണിതാധ്യാപകർ | |
| 11 | ഗണിതാസ്വാദനം വർദ്ധിപ്പിക്കുക. | ഗണിത ക്ലബ്ബുകൾ രൂപീകരിക്കുന്നു. മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് | ജുലൈ-സെപ്റ്റംബർ | ഗണിതാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | തലത്തിലും സ്കൂൾ തലത്തിലും ക്ലാസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. നമ്പർമാർട്ട്, പസിലുകൾ എന്നിവ ഉൾപ്പെടുത്തിയും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| 12 | ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വർദ്ധിപ്പിക്കുക. | ഗണിത കളികൾ കുസൃതിക്കണക്ക് എന്നിവയിലൂടെ ഗണിതം എളുപ്പമാക്കുക. ചിത്രങ്ങൾ ജീവചരിത്രക്കറിപ്പ് എന്നിവ ശേഖരിച്ച് ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുക . സെമിനാറുകൾ സംഘടിപ്പിക്കുക. | സെപ്റ്റംബർ - ഒക്ടോബർ | ഗണിതാധ്യാപകർ | |
| 13 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യാൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു . | ആവശ്യാനുസരണം | SRG | |

# ആരോഗ്യ-കായിക വിദ്യാഭ്യാസം

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആരോഗ്യപരമായും കായികപരമായും ശരീരത്തെ മെച്ചപ്പെടുത്താനും നിലനിർത്താനുമായി ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താനും,കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കുട്ടികളെ ബോധവൽക്കരിക്കുക. | ബി.എം.ഐ പരിശോധന. പൾസ് പരിശോധന. മഴക്കാല ശുചീകരണം. ജീവിത ശൈലി രോഗങ്ങളെ കുറിച്ച് ധാരണ നൽകുക. ആരോഗ്യ സംബന്ധമായ കായിക ക്ഷമതാ । പരിശോധന. ആരോഗ്യ കായിക ക്ഷമതാ പരിശീലനം കൊടുക്കുക. | ജൂൺ മുതൽ ആഗസ്ത് വരെ | ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകർ | |
| 2 | കുട്ടികളുടെ കായിക ക്ഷമത വികസിപ്പിക്കുവാനും,സബ്ജില്ലാ ജില്ലാ ,സംസ്ഥാന കായിക മത്സരങ്ങളിൽ മികച്ച പ്രകടനം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | ഇന്റർ ഹൌസ് മത്സരങ്ങൾ സംഘടിപ്പിക്കുക. വിവിധ ഇനങ്ങൾക്ക് പ്രത്യേകം സെലക്ഷൻ നടത്തുന്നു, ഹോം ആന്റ് എവേ മത്സരങ്ങൾ സംഘടിപ്പിക്കുക. ഐ. സി.ടി സഹായത്തോടെ മുതിർന്ന താരങ്ങളുടെ പ്രകടനങ്ങൾ കാണിക്കുക. സ്പോർട്സ് ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തീകരിക്കുക. സ്പോർട്സ് മോട്ടിവേഷൻ ക്ലാസുകൾ നടത്തുക. സ്കൂൾ ടീമിന് സ്പോർട്സ് കിറ്റ് നൽകുക. | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | പൂർവ്വവിദ്യാർത്ഥികൾ,സ്പോൺസേർസ്, പി.ടി.എ | |
| 3 | ദൈനംദിന ജീവിതത്തിലും കായിക പ്രവർത്തനങ്ങളിലും സംഭവിക്കാവുന്ന | പ്രഥമ ശുശ്രൂഷയെ കുറിച്ച് ക്ലാസ് നടത്തുക. | ഡിസംബർ-ജനവരി | കായിക വിഭാഗം, പി.ടി.എ | |

| | | | | | |
|---|---|---|---|---|---|
| | അത്യാഹിതങ്ങളെ കുറിച്ചും പ്രഥമ ശുശ്രൂഷയെ കുറിച്ചും അറിവ് നൽകുക. | ഫയർ സ്റ്റേഷന്റെ സഹായത്തോടെ മോക്ക് ഡ്രിൽ സംഘടിപ്പിക്കുക. മോട്ടോർ വകുപ്പിന്റെ സഹായത്തോടെ റോഡ് സുരക്ഷാ ക്ലാസ് സംഘടിപ്പിക്കുക. കെർബ് ഡ്രിൽ പരിശീലനം നൽ കുക. | | | |
| 4 | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസന ക്ഷമത വർ ധിപ്പിക്കുന്നതിനും ,സ്വയം പ്രതിരോധ ശേഷി വർ ധിപ്പിക്കുന്നതിനും.സമ്മർ ദ്ദം,പിരിമുറുക്കം എന്നിവ കുറക്കുന്നതിനും, (വിശദീകരണം ‌|: ദ്ദം,പിരിമുറുക്കം എന്നിവ കുറക്കുന്നതിനും. | ഹൃദയ ശ്വസന ക്ഷമത വർ ധിപ്പിക്കുന്നതിനും സമ്മർദ്ദം പിരിമുറുക്കം എയ്റോബിക്സ് യോഗ തുടങ്ങിയവ. സ്വയം പ്രതിരോധ ശേഷി വർ ധിപ്പിക്കുന്നതിനും, കായിക ശേഷി വർ ദിപ്പിക്കുന്നതിനും കുരാട്ടെ,തൈക്കോൺ ഡോ ക്ലാസുകൾ സംഘടിപ്പിക്കുക. | ജനുവരി-ഫെബ്രുവരി | പഞ്ചായത്ത്, സ്പോർട്സ് കൌൺസിൽ | |
| 5 | വിവിധ തലങ്ങളിൽ വിജയികളായവർക്കും അല്ലാത്തവർക്കും ആത്മ വിശ്വാസം വർദ്ദിപ്പിക്കുക, പിന്തുണ ഉറപ്പാക്കുക. | സബ്ജില്ലാ ജില്ലാ ,സംസ്ഥാന കായിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ച് വിജയികളായവർക്ക് സ്വീകരണവും അഭിനന്ദനവും പ്രമുഖരുടെ സാന്നിദ്ധ്യത്തിൽ സംഘടിപ്പിക്കുക. | ഫെബ്രുവരി - മാർച്ച് | വിദ്യാലയ വികസന സമിതി, പി.ടി.എ | |

# കലാവിദ്യാഭ്യാസം

| SL NO | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വായനാനുഭവത്തിലൂടെ ക്രിയാത്മക ചിന്താശേഷി വർദ്ധിപ്പിക്കുക. | വായിക്കാം വരക്കാം ശില്പശാല | ജൂൺ | വിദ്യാരംഗം കലാധ്യാപകൻ | |
| 2 | കോമ്പോസിഷൻ പഠനം | വർക്ക് ഷോപ്പ് | ജൂലൈ | കലാധ്യാപകൻ | |
| 3 | ശസ്ത്ര ചിത്രങ്ങളേയും ചിത്രകാരേയും കുറിച്ചുള്ള ചരിത്രം മനസ്സിലാക്കൽ | ചിത്ര വിശേഷം | ആഗസ്റ്റ് | കലാധ്യാപകൻ | |
| 4 | ചുറ്റുപാടുമുള്ള വസ്തുക്കളുടെ സ്വഭാവത്തെ മനസ്സിലാക്കൽ പ്രതിഷ്ഠാപന കല അടിസ്ഥാന പഠനം | ഫൈണ്ട് ഒബ്ജക്ട് ആർട്ട് വർക്ക് ഷോപ്പ് | സെപ്തംബർ | വിദ്യാരംഗം കലാധ്യാപകൻ | |
| 5 | വിത്യസ്ത കലാമൂല്യമുള്ള ലോക സിനിമാ ആസ്വാദനം | ഫിലിം ഫെസ്റ്റിവൽ | ഒക്ടോബർ | വിദ്യാരംഗം കലാധ്യാപകൻ | |
| 6 | ഫോട്ടോഗ്രാഫി വീഡിയോ ഗ്രാഫി അടിസ്ഥാന ഘടനകളുടെ പഠനം | ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി വർക്ക് ഷോപ്പ് | നവംബർ | കലാധ്യാപകൻ | |
| 7 | സംഗീത മേഖലകളിലെ അഭിരുചി തിരിച്ചറിഞ്ഞ് കലാരംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകുക. | ഫോക്ക് ബാന്റ് കരോക്കേ മ്യൂസിക്കൽ ബാന്റ് | ഡിസംബർ | വിദ്യാരംഗം കലാധ്യാപകൻ | |
| 8 | അഭിനയത്തിന്റെ വിവിധ തലങ്ങളുടെ പഠനം | നാടകക്കളരി | ജനുവരി | കലാധ്യാപകൻ | |
| 9 | വർക്ക് ഓഫ് ആർട്ടിന്റെ പ്രദർശന അനുഭവം പഠനം ചിത്രം, ശില്പം, ഫോട്ടോഗ്രാഫി പ്രദർശനം | ചിത്രം,ശില്പം ഫോട്ടോഗ്രാഫി പ്രദർശനം | ഫെബ്രുവരി | കലാധ്യാപകൻ | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| SL NO | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ പുഷ്പാലങ്കാര രീതികൾ പരിചയപ്പെടുന്നു പൂക്കളിൽ നിന്നും തയ്യാറാക്കുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങളെ പരിചയപ്പെടുന്നു. | വിത്തുപാകൽ<br>തൈകൾ നടൽ<br>പരിപാലനം<br>പിഞ്ചിങ്ങ് പ്രവർത്തനം<br>വിളവെടുപ്പ് | ജൂലൈ-സെപ്തംബർ | പ്രവൃത്തി പരിചയ അധ്യാപിക | സ്കൂൾ വികസന സമിതി, പി.ടി.എ |
| 2 | സ്ഥല പരിമിതിയുള്ള അവസരത്തിൽ വെർട്ടിക്കൽ രീതിയിൽ കൃഷി ചെയ്യുന്ന രീതി പരിചയപ്പെടുന്നു. | വെർട്ടിക്കിൾ ടവർ ഒരുക്കൽ<br>തൈകൾ നടൽ<br>പ്രൂമിങ്ങ്<br>ജൈവ കീടനാശിനി പ്രയോഗം | സെപ്തംബർ-മാർച്ച് | പ്രവൃത്തി പരിചയ അധ്യാപിക.<br>ഗ്രീൻ പോലീസ് | സ്കൂൾ വികസന സമിതി, പി.ടി.എ |
| 3 | പരിസ്ഥിതി സംരക്ഷണം | മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണം<br>ലളിതമായ തുണികൾ ഉപയോഗിച്ച് പ്രയോജന പ്രദമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ കുട്ടികളെ പരിശീലിക്കുന്നു.<br>കുട്ടികളുടെ ഹസ്ത കലാ കഴിവുകൾ വികസിപ്പിക്കുന്നു.<br>സ്കൂൾ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു | ആഗസ്റ്റ്-സെപ്തംബർ | പ്രവൃത്തി പരിചയ അധ്യാപിക. | സ്കൂൾ വികസന സമിതി, പി.ടി.എ |
| 4 | പ്രവൃത്തി പരിചയ മേളയിൽസബ്ജില്ല , ജില്ല , സംസ്ഥാന തലം പരിശീലനം നൽകുന്നു. | കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു. | | | |